## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3910 — 20.7.2015 ൽ മറുപടിക്ക്

## ഉടുമ്പൻചോല താലൂക്കിലെ മിനി സിവിൽ സ്റ്റേഷൻ

**ചോദ്യം**

**ശ്രീ. കെ.കെ. ജയചന്ദ്രൻ**

**ഉത്തരം**

അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഉടുമ്പൻചോല താലൂക്ക് ആസ്ഥാനമായ മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം നടന്നത് എന്നാണ്; നിലവിൽ ഈ സമുച്ചയത്തിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) നെടുങ്കണ്ടത്ത് നിർമ്മിച്ച മിനി സിവിൽ സ്റ്റേഷൻ 24.05.2013 -ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്. നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ 11 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഉടുമ്പൻചോല താലൂക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ താലൂക്ക് ഓഫീസ്, സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാകാത്തതിന്റെ സാഹചര്യം വിശദീകരിക്കാമോ? | (ബി) ഇല്ല. മിനി സിവിൽ സ്റ്റേഷനിൽ താലൂക്കാഫീസിനായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് ഓഫീസ് ക്യാബിനുകൾ, കമ്പ്യൂട്ടർ, നെറ്റ് വർക്ക് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇ-ഡിസ്ട്രിക്റ്റ് ഉൾപ്പെടെ റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് കമ്പ്യൂട്ടർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒഴിച്ചു കൂടാനാവാത്തതാണ്. കൂടാതെ ഫ്രണ്ട് ഓഫീസ്, ക്യാബിനുകൾ എന്നിവ പണിതാൽ മാത്രമേ താലൂക്കാഫീസിലെ എല്ലാ സെക്ഷനുകളും പ്രവർത്തിക്കുന്നതിന് മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലം തികയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**